"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- നഗരകാര്യം- ജീവനക്കാര്യം - കായംകുളം നഗരസഭ- വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന- നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ പ്രദീപ് കുമാറിനെതിരെയുള്ള അച്ചടക്ക നടപടി - അപ്പീൽ ഹർജി - അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.677/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/03/2021

---

പരാമർശം:- 1 01.11.2018 ലെ സ.ഉ (സാധാ) നം. 2794/2018/തസ്വഭവ നമ്പർ ഉത്തരവ്.

2 ശ്രീ പ്രദീപ് കുമാർ സമർപ്പിച്ച 12.02.2019 ലെ ഹർജി.

3 നഗരകാര്യ ഡയറക്ടറുടെ 05.04.2019, 14.10.2020 എന്നീ തീയതികളി ലെ വി1-36310/17-ാം നമ്പർ കത്ത്.

4 14.06.2019 ലെ സ . ഉ ( സാധാ ) നം .1224/2019 നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

കായംകുളം നഗരസഭയിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ കായംകുളം നഗരസഭാ സെക്രട്ടറി ശ്രീ.ആർ.പ്രദീപ് കുമാറിനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് ടി അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ പരാമർശം (2) പ്രകാരം ശ്രീ.ആർ.പ്രദീപ് കുമാർ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

ശ്രീ.ആർ.പ്രദീപ് കുമാർ സമർപ്പിച്ച ഹർജിയിൽ നഗരസഭയിലെ രജിസ്റ്ററുകളോ ഫിസിക്കൽ വേരിഫിക്കേഷനോ നടത്താതെ ഐ.കെ.എം . സോഫ്റ്റ് വെയർ പരിശോധിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിലെ നാല് ഓവർസിയർമാർ, ഒരു അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ കൈവശം സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധി കഴിഞ്ഞ 174 ഫയലുകൾ പെൻഡിംഗ് ഉള്ളതായി കണ്ടെത്തിയതിനാലും വകുപ്പ് ചുമതലയുണ്ടായിരുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി . ഷൈനി . എൻ-ന് സൂപ്പർ വൈസറി ലാപ്സിനും റവന്യൂ വിഭാഗത്തിലെ രണ്ട് ഇൻസ്പെക്ടർമാർക്ക് സമയപരിധി കഴിഞ്ഞ ഫയലുകൾ പെൻഡിംഗ് ഉള്ളതായി കണ്ടെത്തിയതിനാലും ടി ജീവനക്കാർക്ക് ചാർജ് മെമ്മോ നൽകിയിരുന്നതായും പ്രസ്തുത കേസിൽ ഇവരെ കുറ്റവിമുക്തരാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായും അറിയിച്ചിരുന്നു . ഈ കുറ്റാരോപണങ്ങളിൻ മേൽ തന്റെ ഭാഗത്ത് സൂപ്പർ വൈസറി ലാപ്സിന് മൈനർ പെനാലിറ്റി ചുമത്തിയാണ് കുറ്റാരോപണ മെമ്മോ നല്കിയിട്ടുള്ളതെന്നും ജമാമാറ്റം, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് തുടങ്ങിയവ നൽകാൻ ഡെലിഗേഷൻ നൽകിയിരുന്ന റവന്യൂ സൂപ്രണ്ടിന് ഈ വിഷയത്തിൽ കുറ്റരോപണ മെമ്മോ നൽകിയിട്ടില്ലാത്തതും ബന്ധപ്പെട്ട റവന്യൂ ഇൻസ്പെക്ടർമാരെ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ളതുമാണെന്നും , നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഐ.കെ.എം.സോഫ്റ്റ് വെയർ ( IKM Software)

പരിശോധിച്ച് നൽകിയിട്ടുള്ള ഈ റിപ്പോർട്ട് ശരിയല്ലെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഫയലിലാണ് കാലതാമസം വന്നിട്ടുള്ളതെന്നതിനാൽ ആയതിന്റെ പ്രധാന ചുമതല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണെന്നും ആയതിനാൽ പ്രാഥമികമായി കുറ്റം ചുമത്തിയിട്ടുള്ള മേൽ ഉദ്യോഗസ്ഥരെയെല്ലാം ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ തന്റെ ഹർജി പരിഗണിച്ച് തന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയ അച്ചടക്ക നടപടി ഒഴിവാക്കി ഉത്തരവാകണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു.

വിജിലൻസ് പരിശോധനയിൽ കൂടുതൽ അപേക്ഷകൾ ശേഷിച്ചിരുന്നത് 'സങ്കേതം' സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കെടുത്തപ്പോഴാണെന്നും ഓൺലൈൻ ഡാറ്റാ എൻട്രി വരുത്താനെടുക്കുന്ന കാലതാമസം തെറ്റായ കണക്കുകൾ രൂപപ്പെടുന്നതിന് കാരണമാകാറുണ്ടെന്നും ശ്രീ.ആർ.പ്രദീപ് കുമാർ കായംകുളം നഗരസഭാ സെക്രട്ടറി തസ്തികയിൽ ആദ്യ നിയമനമാണെന്നുമുള്ള വസ്തുതകൾ കണക്കിലെടുത്ത് ശിക്ഷാവിധികൾ സംബന്ധിച്ച് സർക്കാർ തലത്തിൽ ഉചിതമായി തീരുമാനിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 17.07.2014 തീയതി മുതൽ കായംകുളം നഗരസഭയിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുവരവെ 14.01.2016 ന് സ്ഥലം മാറ്റം ലഭിച്ച് ആറ്റിങ്ങൽ നഗരസഭയിൽ സേവനത്തിൽ പ്രവേശിച്ച ടിയാനെതിരെയാണ് 16.01.2016 ന് കായംകുളം നഗരസഭയിൽ ആഫീസിലെ രജിസ്റ്ററുകളോ ഫിസിക്കൽ വേരിഫിക്കേഷനോ നടത്താതെ ഐ.കെ.എം. ( IKM Software )സോഫ്റ്റ് വെയർ മാത്രം പരിശോധിച്ച് വിജിലൻ സ് & ആന്റികറപ്ഷൻ ബ്യൂറോ പരിശോധന നടത്തി കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായി ആരോപിയ്ക്കപ്പെട്ടിരുന്നത് . ഇതേ പരിശോധനാ റിപ്പോർട്ടിന്മേൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രധാന ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റവന്യൂ വിഭാഗത്തിൽ നാല് ഓവർസിയർമാർ എന്നിവർക്കെതിരെയും അച്ചടക്ക നടപടി ആരംഭിച്ചിരുന്നു . എന്നാൽ 14.06.2019 ലെ പരാമർശം(4) സർക്കാർ ഉത്തരവ് പ്രകാരം എഞ്ചിനീയറിംഗ് വിഭാഗത്തിലെ ടി ജീവനക്കാരെ കുറ്റാരോപണത്തിൽ നിന്നും മുക്തരാക്കിയിട്ടുണ്ട് . 27/06/2010-ലെ 36587/R.A1/09/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകൾ നിർമ്മാണത്തിൽ വന്നിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടത് നേരിട്ട് സ്ഥലം പരിശോധിക്കുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണെന്നും സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചട്ടം ലംഘിച്ച് നിർമ്മാണാനുമതി നല്കുന്ന പക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്വം നേരിട്ട് സ്ഥല പരിശോധന നടത്തിയ ഉദ്യോഗസ്ഥർക്ക് മാത്രമായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിലും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രധാന ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , റവന്യൂ വിഭാഗത്തിൽ നാല് ഓവർസിയർമാർ എന്നിവരെ പരാമർശം(4) സർക്കാർ ഉത്തരവ് പ്രകാരം കുറ്റാരോപണത്തിൽ നിന്നും മുക്തരാക്കിയിട്ടുള്ള സാഹചര്യത്തിലും കായംകുളം നഗരസഭാ സെക്രട്ടറിയായ ശ്രീ.പ്രദീപ്കുമാറിനെതിരെയുള്ള അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്കുതടഞ്ഞുകൊണ്ട് തീർപ്പാക്കിയ നടപടി പുന:പരിശോധിച്ച് ടിയാനെ കുറ്റവിമുക്തനാക്കി അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്), കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ്, തിരുവനന്തപുരം

ചെയർമാൻ, കായംകുളം നഗരസഭ (നഗരകാര്യ ഡയറക്ടർമുഖാന്തിരം)

ശ്രീ പ്രദീപ് കുമാർ,മുനിസിപ്പൽ സെക്രട്ടറി (നഗരകാര്യ ഡയറക്ടർമുഖാന്തിരം)

ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ( ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ